(ബി) 8-10-1960-ലെ ജി.ഒ (എംഎസ്.) 795/60/അഗ്രി. നമ്പർ ഉത്തരവ് അനുസരിച്ചുള്ള മുദ്രസല ഇളവ് ലഭിക്കണമെങ്കിൽ സഹകരണ നിയമപ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘം, സംഘത്തിന് വേണ്ടിയോ അല്ലെങ്കിൽ അതിന്റെ ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഒരു അംഗമോ സംഘത്തിന്റെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട് ചമയ്ക്കുന്ന കരണമായിരിക്കണം. എന്നീ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. 19-11-2011-ലെ WP (C)No. 17973/2010-(V)-നമ്പരായുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ സൊസൈറ്റിയിൽ അംഗമല്ലാത്ത ഒരാൾ ചമയ്ക്കുന്ന കരണത്തിനോ ബിസിനസ്സ് ആവശ്യാർത്ഥമല്ലാത്ത കരണത്തിനോ മേൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇളവ് അനുവദനീയമല്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ള കേസുകളിൽ മുദ്രയിളവ് അനുവദിക്കാൻ സബ് രജിസ്ട്രാർമാർ വിസമ്മതിക്കുന്നുണ്ട്.

(സി) WP(C) 17973/2010 നമ്പർ റിട്ട് ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 19-11-2011-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെയും, പ്രസ്തുത വിഷയുമായി ബന്ധപ്പെട്ട് WA.1248/13 നമ്പർ റിട്ട് അപ്പീലും, സമാനമായ നിരവധി കേസുകളും ബഹുമാനപ്പെട്ട ഹൈക്കോടതി ഫുൾ ബഞ്ചിന്റെ പരിഗണനയിൽ ആണെന്നതിന്റെയും അടിസ്ഥാനത്തിലാകണം 8-10-1960-ലെ ജി.ഒ. (എംഎസ്.) നമ്പർ 795/1960/ അഗ്രി. നമ്പർ ഉത്തരവുപ്രകാരമുള്ള ഇളവുകൾ അനുവദിക്കാത്തത്.

നികുതി പരിധി

212 (4844) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന (രജിസ്ട്രേഷൻ) നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കുടുംബാംഗങ്ങൾക്കിടയിലെ വസ്തു കൈമാറ്റത്തിനുള്ള നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly